S 180
6/6/14

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുസംരക്ഷണ പദ്ധതി - സ്റ്റേറ്റ് പ്രോജക്ട് സപ്പോർട്ട് യൂണിറ്റിൽ ഡെപ്യൂട്ടേഷനിൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 380/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം, 26.05.2014.

================================================================

പരാമർശം:- 1. 02.02.2013 -ലെ സ.ഉ (എം.എസ്) നം. 11/2013/സാ.നീ.വ നമ്പർ ഉത്തരവ്.
2. 05.10.2013 - ലെ സ.ഉ (സാധാ) നം. 499/2013/സാ.നീ.വ നമ്പർ ഉത്തരവ്.
2. 02.05.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഇ7/9060/2013 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ അനുബന്ധ സംവിധാനങ്ങളിൽ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ അനുബന്ധ സംവിധാനമായ എസ്.പി.എസ്.യു-ൽ ശ്രീ.ജി.ചന്ദ്രമോഹൻ നായരെ അക്കൗണ്ട് ഓഫീസറായി നിയമിച്ചുകൊണ്ടും ശ്രീ.കെ.എൻ.പൊന്നപ്പനെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിച്ച സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിയെ സാധൂകരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ.കെ.എൻ.പൊന്നപ്പൻ, ശ്രീ.കെ.ചന്ദ്രമോഹൻ എന്നീ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് മലപ്പുറം ജില്ലാഓഫീസിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ.കൃഷ്ണമൂർത്തിയെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിക്കണമെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.എൻ.പൊന്നപ്പൻ, ശ്രീ.കെ.ചന്ദ്രമോഹൻ എന്നിവരുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചു കൊണ്ടും മലപ്പുറം ജില്ലാ ഓഫീസിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ.കൃഷ്ണമൂർത്തിയെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Jayasree
സെക്ഷൻ ഓഫീസർ.